**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4392** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പ്രഖ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഏകീകൃത സോഫ്റ്റ് വെയർ മുഖേന രാജ്യത്ത് എവിടെ വേണമെങ്കിലും ആധാരങ്ങളും പ്രമാണങ്ങളും രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഒരുക്കുമെന്നുള്ള കേന്ദ്ര ബജറ്റിലെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2022-2023 ലെ കേന്ദ്ര ബജറ്റിലെ 75-ാം ഖണ്ഡികയിലെ "The adoption or linkage with National Generic Document Registration Systems (NGDRS) with the ‘One Nation One-Registration Software will be promoted as an option for uniform process for registration and ‘anywhere registration’ of deeds & documents’ എന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. |
| (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ രജിസ്ട്രേഷനുകൾ വഴിയുള്ള വരുമാനം സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസുകളിൽ ഒന്നായി മാറി എന്നിരിക്കെ കേന്ദ്ര ബജറ്റിലെ പ്രഖ്യാപനം തനതു നികുതിയേതര വരുമാനത്തിൽ വൻ ഇടിവുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എപ്രകാരമാണ് കേന്ദ്ര സർക്കാർ പ്രസ്തുത പ്രഖ്യാപനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തനത് നികുതി വരുമാനത്തെ ബാധിക്കുമോ എന്ന് വിലയിരുത്താനാകൂ. |
| (സി) | കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തിനെതിരെ സംസ്ഥാനം ശക്തമായ നിലപാട് സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാർ പ്രസ്തുത പ്രഖ്യാപനം എപ്രകാരമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഡി) | ഏകീകൃത രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഏകീകരിക്കേണ്ടി വരികയും ഇത് കേന്ദ്ര സർക്കാർ നിർണയിക്കുകയും ചെയ്യുന്ന സ്ഥിതി വരുമോയെന്ന് വിശദമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാർ പ്രസ്തുത പ്രഖ്യാപനം എപ്രകാരമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ